**'ഭരണഭാഷ-മാതൃഭാഷ'**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം: പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - ഒറ്റപ്പാലം സ്പെഷ്യൽ സ്കൂൾ (ഹിയറിംഗ് ഇംപേയർഡ്) പ്രധാനാധ്യാപക തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വായന:-
1) 22.11.1979-ലെ ജി.ഒ.(എം.എസ്) നമ്പർ 198/79 ജി.ഇ.ഡി.എൻ.
2) 29.11.2011-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ എ1/30/718(1)/2007/ഡി.പി.ഐ.
3) പൊതുവിദ്യാഭ്യാസഡയറക്ടറുടെ 06.12.2019 തീയതിയിലെ ഡി5/23454/18/ഡി.ജി.ഇ. നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഡി5/23454/2018/ഡി.ജി.ഇ. തീയതി. 10/01/2020**

**സ്ഥാനക്കയറ്റം**

തിരുവനന്തപുരം ജഗതി സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി ബധിരവിദ്യാലയത്തിലെ ഹൈസ്കൂൾ അസിസ്റ്റന്റായിരുന്ന ശ്രീമതി. ആൻസിമോൾ. കെ.ഒ യെ പാലക്കാട് ഒറ്റപ്പാലം സർക്കാർ ബധിര വിദ്യാലയത്തിലെ പ്രധാനാധ്യാപിക തസ്തികയിൽ 39500-83000 ശമ്പള നിരക്കിൽ 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിൽ റൂൾ 9 (എ) (1) പ്രകാരം ഉടൻ പ്രാബല്യത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സ്ഥാപന മേധാവി സ്ഥാനക്കയറ്റം ലഭിച്ച അധ്യാപകനെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകയും ആ വിവരം ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യാജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ 07.12.1991 ൽ പുറപ്പെടുവിച്ച ജി.ഒ (പി)39/91/പി&എആർഡി നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അധ്യാപികയ്ക്ക് 22.11.1979-ലെ ജി.ഒ.(എം.എസ്) 198/79/പൊ.വി. പ്രകാരമുള്ള യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായ നിർദ്ദേശം നൽകുന്നു.

പുതിയ ലാവണത്തിൽ പ്രവേശിച്ചശേഷം ആയത് ബന്ധപ്പെട്ട കാര്യാലയങ്ങളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഈ സ്ഥാനക്കയറ്റം 1958 ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിൽ റൂൾ 9 (എ)(1) പ്രകാരം പൂർണ്ണമായും താൽകാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

കേരള ഫിനാൻഷ്യൽ കോഡ് പാർട്ട് 1 അദ്ധ്യായം 5 ചട്ടം 93 (എ) പ്രകാരം റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് അനുസരിച്ച് സ്ഥാപനത്തിന്റെ ചാർജ്ജ് എടുക്കുകയും കൈമാറുകയും ചെയ്യാവുന്നതാണ്. സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകരുടെ ക്രമ നമ്പർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജിന്റെ (ആർ.റ്റി.സി) മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതാണ്. ആർ.റ്റി.സി യിൽ വീടിന്റെ മേൽവിലാസവും, വ്യക്തിഗത ടെലിഫോൺ നമ്പരും താഴെയായി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്/)

**ജീവൻ ബാബു. കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരള,**
**തിരുവനന്തപുരം**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

സ്വീകർത്താവ്:-

ശ്രീമതി. ആൻസി മോൾ. കെ.എ,
സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി ബധിരവിദ്യാലയം,
ജഗതി, തിരുവനന്തപുരം.

പകർപ്പ്:

1. ഹെഡ്മാസ്റ്റർ സർക്കാർ ബധിര വിദ്യാലയം, ഒറ്റപ്പാലം, പാലക്കാട്.
2. ഹെഡ്മാസ്റ്റർ, സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി ബധിര വിദ്യാലയം, ജഗതി, തിരുവനന്തപുരം.
3. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം, പാലക്കാട്.
4. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം, പാലക്കാട്
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
6. കരുതൽ ഫയൽ